## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകളിൽ അക്കൗണ്ടന്റ് കം-ഐറ്റി എക്സ്പെർട്ടുമാരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം.475/2018/തസ്വഭവ. തിരുവനന്തപുരം, തിയതി, 16.02.2018.

---

പരാമർശം:- 1. 08.11.2011 ലെ സ.ഉ.(സാധാ) നം.2586/2011/തസ്വഭവ നമ്പർ ഉത്തരവ്.
2. 28.06.2017-ലെ 1857/ഇ 1/17/ഐ.കെ.എം നമ്പർ ഉത്തരവ്.
3. പഞ്ചായത്ത് ഡയറക്ടറുടെ 25.11.2017 ലെ ഇൻ-4692/2017 നമ്പർ കത്ത്.
4. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.12.2017 ലെ 2403/ഇ 1/2017/ഐ.കെ.എം നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ അക്കൗണ്ടന്റ് കം-ഐടി എക്സ്പെർട്ടുമാരെ 4 വർഷത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരം ഇവരുടെ സേവന കാലാവധി 30.06.2017 ൽ അവസാനിപ്പിച്ചിരുന്നു. ഗ്രാമപഞ്ചായത്തുകൾക്ക് അക്കൗണ്ടന്റ് കം-ഐടി എക്സ്പെർട്ടുമാരുടെ സേവനം അനിവാര്യമാണെന്നും അവരുടെ സേവന കാലാവധി ദീർഘിപ്പിക്കണമെന്നും ആവശ്യപ്പെട്ട് വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് 69 അക്കൗണ്ടന്റ്-കം-ഐറ്റി എക്സ്പെർട്ട്സ് മാത്രമാണ് നിലവിലുള്ളത് എന്നും ഇവരെ ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിലാണ് നിയോഗിച്ചുവരുന്നതെന്നും ഇവരുടെ സേവനം അതാത് ജില്ലകളിലെ പെർഫോർമൻസ് ഓഡിറ്റുകളിൽ വിന്യസിയ്ക്കാമെന്നും ഇപ്രകാരം നിലനിർത്തുന്ന അക്കൗണ്ടന്റ്-കം-ഐറ്റി എക്സ്പെർട്ട്മാർക്ക് പ്രതിവർഷം നൽകേണ്ട വേതനത്തിന്റെ ഒരു ഭാഗം അതാത് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും തുല്യമായി വകയിരുത്തിക്കണ്ടെത്താവുന്നതും (വേതനം യാത്രാബത്ത ഉൾപ്പെടെ ഏകദേശം 20000 രൂപ), പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റുകളിലെ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും സർക്കാർ അനുമതിയോടെ നീക്കിവയ്ക്കുന്ന തുകയായ 10000 രൂപ(പതിനായിരം രൂപ മാത്രം) യോടൊപ്പം മേൽപ്പറഞ്ഞ വേതനവിഹിതം കൂടി ഉൾപ്പെടുത്തി പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റുകൾക്ക് നൽകേണ്ടതുകയുടെ പരിധി 30000 (മുപ്പത്തിനായിരം രൂപ മാത്രം) രൂപയായി ഉയർത്തി അക്കൗണ്ടന്റ്-കം-ഐറ്റി എക്സ്പെർട്ട്മാർക്കുള്ള വേതന വിതരണത്തിനുള്ള തുക കണ്ടെത്താവുന്നതും ഇവരുടെ വേതനവിതരണം ഉൾപ്പെടെ മൊത്തത്തിലുള്ള മേൽനോട്ടം പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റുകളെ ഏൽപ്പിയ്ക്കാവുന്നതും ഇതുമായി ബന്ധപ്പെട്ട മറ്റു ജോലികളുടെ

മേൽനോട്ടവും ചുമതലയും ബന്ധപ്പെട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്താവുന്നതാണെന്നും പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. അക്കൗണ്ടന്റ്-കം-ഐറ്റി എക്സ്പെർട്ട്മാരുടെ സേവനം സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളിൽ നിന്നും അപേക്ഷ ലഭിയ്ക്കുന്ന പക്ഷം ഇവരുടെ സേവനം സംബന്ധിച്ച് തീരുമാനം സർക്കാർ തലത്തിൽ സ്വീകരിയ്ക്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടറുടെ ശുപാർശയും ലഭ്യമായിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് അക്കൗണ്ടന്റ് കം-ഐടി എക്സ്പെർട്ടുമാരെ ആവശ്യമുള്ള പഞ്ചായത്തുകളിൽ, പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ ശുപാർശ ചെയ്ത പ്രകാരം സംസ്ഥാനത്ത് നിലവിലുള്ള 69 അക്കൗണ്ടന്റ് കം-ഐടി എക്സ്പെർട്ടുമാരെ, വാർഷിക കരാറടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

എ. അജിത് കുമാർ
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് & ന്യൂ മീഡിയ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ